GOVT HIGHER SECONDARY SCHOOL NARIKKUNI

# Orbit

## LITTLE KITES

## DIGITAL MAGZINE 2019-20



# ലിറ്റിൽ കൈറ്റ്സ്

## 2019-21

Member Details 2019-2021

| Sl no | Admn.No | Name |
| --- | --- | --- |
| 1 | 14652 | NIGHNA SUDHEER S N |
| 2 | 14653 | DEVIKA M |
| 3 | 14669 | AMRUTH PRASAD MS |
| 4 | 14671 | SREELAKSHMI.K |
| 5 | 14672 | SOORAJ P.M |
| 6 | 14676 | MUHAMMED NAJIL.P.K |
| 7 | 14691 | GOUTHAM AS |
| 8 | 14700 | FARHAD ALI .K |
| 9 | 14711 | SREENANDANA T |
| 10 | 14716 | NIDHIN V |
| 11 | 14721 | ADITHYA V K |
| 12 | 14726 | MUHAMMED MINDHAN N P |
| 13 | 14729 | MUHAMMED SHADIL.V.C |
| 14 | 14731 | ADHINJITH.B.S |
| 15 | 14735 | MUJEEB RAHMAN.P |
| 16 | 14742 | ARYASREE A |
| 17 | 14744 | NIYA FATHIMA.MC |
| 18 | 14751 | ARATHI P |
| 19 | 14766 | LAYA U.K. |
| 20 | 14768 | MEHABOOB AL AMEEN.M.R |
| 21 | 14770 | NIDA FATHIMA T P |
| 22 | 14771 | NAJIL AHAMMED P P |
| 23 | 14772 | NIHAL AHAMMED T P |
| 24 | 14779 | ADINANDAN.C.K |
| 25 | 14783 | ANAGHA SURESH O K |
| 26 | 14791 | MUHAMMED FADIL K |
| 27 | 14801 | SUHAILATH C |
| 28 | 14830 | AHAMMED SINAN C M |
| 29 | 14838 | VYSHNAV PM |
| 30 | 14848 | NIBIN. N.T |
| 31 | 14852 | MUHAMMED RONAK. B S |
| 32 | 14868 | SINAN SALIH.N |
| 33 | 14878 | DINUDEV. NP |
| 34 | 14882 | MINHA.P |
| 35 | 14902 | RASIM HASAN R S |
| 36 | 14904 | AMEER SHAHID.N.K |
| 37 | 14917 | VYSHNAVI M.A |
| 38 | 14918 | JASMINE S |
| 39 | 14922 | KEERTHANA M |
| 40 | 14929 | ADWAITH DAS |

## ലിറ്റിൽ കൈറ്റ്സ് -ഹൈടക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ ടി കൂട്ടായ്മ

വിദ്യാർഥികളിൽ ഐ ടി നൈപുണി വികസിപ്പിക്കുന്നതിനായി
സ്ക്രൂളുകളിൽ ആരംഭിച്ച
ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിൽ നമ്മുടെ വിദ്യാലയത്തിലെ സമർഥരായ 40
അംഗങ്ങളാണുള്ളത്. ആനിമേഷൻ, പ്രോഗ്രാമിങ്, മലയാളം കമ്പ്യൂട്ടിങ്,
റോബോട്ടിക്സ് തുടങ്ങി പുതുലോകത്തെ പുതുമകൾ
കുട്ടികൾ പരിശീലിച്ചു വരുന്നു.
ഹൈടക് യുഗത്തെ വരവേൽക്കാൻ തയ്യാറായി വരുന്നു.

# ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് ...

കമ്പ്യൂട്ടർ ഗയിം ഇഷ്ടമുള്ള ഞങ്ങൾ അതിനൊരവസരം
ലഭിക്കുമെന്നോർത്താണ്
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായെത്തിയത്. സാങ്കേതികവിദ്യ
ശരിക്കും ഞങ്ങളെ അത്ഭുതപ്പെടുത്തി. സെൻസർ കാർ പോലുള്ള ഗയിമുകൾ
നിർമ്മിച്ചു. കമ്പ്യൂട്ടർ പ്രോഗ്രാമിങ്,
ആനിമേഷൻ, വീഡിയോഎഡിറ്റിങ് എന്നിവ അടുത്തറിഞ്ഞു.
മലയാളംകമ്പ്യൂട്ടിങ് പരിശീലിച്ചു
കൊണ്ടിരിക്കുന്നു. കീബോഡിൽ കാണാത്ത അക്ഷരങ്ങൾ ഊഹിച്ചെടുത്ത്
വാക്കുകളുണ്ടാക്കാൻ പരിശ്രമിച്ചു. പരിമിതികൾ ഞങ്ങൾക്ക് ഒത്തിരിയുണ്ട്...
സഹകരിച്ച എല്ലാവരോടും കടപ്പാട് അറിയിച്ചു കൊണ്ട്
ഈ കൊച്ചു ഡിജിറ്റൽ മാഗസിൻ
നിങ്ങൾക്കായി സമർപ്പിക്കുന്നു.

എഡിറ്റർ

## എഡിറ്റോറിയൽ ബോഡ് അംഗങ്ങൾ

GOUTHAM AS
LAYA U.K.
AMRUTH PRASAD MS
MUHAMMED RONAK
DEVIKA M
ARYASREE A
NIDA FATHIMA T P

KITE MASTER




KITE MISTRESS



**ABDUL BASHEER. T P**

**SHEEJA. V**



**GOVT.HIGHER SECONDARY SCHOOL, NARIKKUNI**


Narikkuni P.O, Pin - 673585, Kozhikode, School Code -10099

Principal: 9745653040,Office : 0495 2247393

Ref: Date 04.12.2019

[illegible]

Viswanathan. P
Principal
GHSS Narikkuni
Narikkuni - Kozhikode
673585



# നിപാ വൈറസ്

ഹനിപാ വൈറസ് (Henipavirus) ജീനസിലെ ഒരു ആർ. എൻ. എ. വൈറസ് ആണ്.മൃഗങ്ങളേയും മനുഷ്യരേയും ബാധിക്കുന്ന മാരകമായ ഈ വൈറസ് മൂലമുണ്ടാകുന്ന പകർച്ചവ്യാധി രോഗികളുടെ മരണത്തിന് വരെ കാരണമാകുന്നു . കേരളത്തിൽ 2018 മെയ് മാസത്തിൽ നിപാ വൈറസ് ബാധ പൊട്ടിപ്പുറപ്പെട്ടു. മലേഷ്യയിലെ സുങകായ് നിപ്പാ എന്ന സ്ഥലത്താണ് ഈ വൈറസ് ബാധമൂലമുള്ള ആദ്യത്തെ സംഭവം രേഖപ്പെടുത്തിയത് എന്നത് കൊണ്ടാണ് പേരു വന്നത്. മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്കോ, മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്കോ മൃഗങ്ങളിൽ നിന്ന് മനുഷ്യനിലേക്കോ ഈ വൈറസ് പടരാം. വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നും, പന്നികളിൽ നിന്നും, രോഗമുള്ള മനുഷ്യരിൽ നിന്നും നിപാ വൈറസ് പകരുന്നത്.

മലേഷ്യയിലെ കമ്പുങ് സുങ്ങായ് നിപാ എന്ന ഗ്രാമത്തിൽ 1998 ലാണ് ഈ രോഗബാധ സ്ഥിരീകരിക്കപ്പെടുന്നതും പിന്നീട് 1999 -ൽ വൈറസിനെ വേർതിരിച്ചെടുക്കുന്നതും. ആ ഗ്രാമത്തിലെ പന്നിവളർത്തുന്ന കർഷകരിലാണ് ഈ രോഗം ആദ്യമായി കണ്ടെത്തിയത്. പന്നികൾക്ക് ഈ രോഗം ബാധിക്കപ്പെട്ടിരിക്കാം എന്നു കരുതി രോഗ സംക്രമണം തടയാൻ ദശലക്ഷക്കണക്കിനു പന്നികളെ അക്കാലത്ത് മലേഷ്യയിൽ കൊന്നൊടുക്കുകയുണ്ടായി.

നിപ്പാ വൈറസിന്റെ ഭൂമിശാസ്ത്രപരമായ വ്യാപനം. പഴം തീനിവവ്വാലുകളുടെ ആവസവ്യവസ്ഥയും ഏതാണ്ട് ഇതേ ഭൂമിശാസ്ത്ര ഘടനയാണ് കാണിക്കുന്നത്.

1997 ലെ ആഗോള കാലാവസ്ഥാ പ്രതിഭാസമായ എൽനിനോ മലേഷ്യൻ കാടുകളെ വരൾച്ചയിലേക്ക് നയിച്ചു. മരങ്ങളും ഫലങ്ങളും കരിഞ്ഞുണങ്ങി. പല മൃഗങ്ങളും പക്ഷികളും കൃഷിയിടങ്ങളിലേക്കിറങ്ങി. കാടുകളിലെ പഴങ്ങളും മറ്റും തിന്നു ജീവിച്ച മലേഷ്യൻ നരിച്ചീറുകൾ കൂടി കൃഷിയിടങ്ങളിലേക്ക് എത്തി. അധികം വൈകാതെ മലേഷ്യയിലെ വൻ പന്നിഫാമുകളിലെ പന്നികളെ അജ്ഞാതമായ ഒരു രോഗം ബാധിച്ചുതുടങ്ങി. പന്നികൾ കൂട്ടമായി ചത്തൊടുങ്ങി. സമാനമായ രോഗം മനുഷ്യരെയും ബാധിച്ച തുടങ്ങിയപ്പോളാണ് ഈ അവസ്ഥ ഏറെ ഭീഷണമായത് . 1999 ൽ, 257 പേർക്കാണ് രോഗം ബാധിച്ചത്. ഇതിൽ 105 ആളുകൾ മരണപ്പെടുകയും ചെയ്തു . മലേഷ്യയിലെ കാമ്പുങ് ബാറു സുങ്ഹായ് നിപാ എന്ന പ്രദേശത്തെ ഒരു രോഗിയിൽ നിന്ന് ആദ്യം വേർതിരിച്ചെടുത്തതുകൊണ്ട് നിപ്പാ വൈറസ് എന്ന പേര് നൽകി.




കോഴിക്കോട് ജില്ലാപഞ്ചായത്ത്
ഗവ:ഹയർ സെക്കണ്ടറി സ്കൂൾ, നരിക്കുനി



# പുതുമഴ തൻ ഗന്ധം...!



കാറ്റായിരുന്നു ആദ്യം വന്നത്,
ഉള്ളിൽ തെളനീരായ് ചെന്നത്
മുറ്റത്തെ തുളസിയിൽ ഉറ്റിവീണത്,
തുള്ളി ചിന്നി ചിതറി പെയ്തിറങ്ങി
ഇരുണ്ട പഞ്ഞികെട്ടുകൾ
ഉരുണ്ടിറങ്ങി-എൻ കൈവശത്തെത്തിയപ്പോൾ
മെല്ലെ അമർത്തി നോക്കി: ഉടൻ പെയ്തിറങ്ങി
ചില്ലുനൂൽ തുള്ളികൾ...!

എല്ലാമെ ചുറ്റും പതിഞ്ഞുപെട്ടന്ന്
കല്ലിൽ തടഞ്ഞ് ഒടിഞ്ഞവയെല്ലാം ചിന്നി ചിതറി
എങ്ങും വെള്ളത്തുള്ളികൾ നിറഞ്ഞു.
ഞങ്ങൾ നനഞ്ഞുവാ പുതുമഴ...!
കാറ്റും മഴയും ദിശമാറി..
ചുറ്റും പരന്നു:പുതുമഴ തൻ ഗന്ധം...!

ലയ.യു.കെ

**സഹായി:അനഘ സുരേഷ്**

# ഇരുളിന്റെ മറവിൽ ഞാൻ

വിരിയില്ല പൂക്കൾ പോൽ
മറയുന്ന അരുണൻ പോൽ
വരള്ള മാ പുഴയാണ് എൻ മുറിവുകൾ
പ്രളയത്തിൻ കാലത്ത്
പ്രണയിച്ച പൂക്കളും
പരിഭവം പറയുന്നു എന്റെ മുമ്പിൽ
ഇരുളിന്റെ മറവിൽ തെളിയുന്ന എൻ നാദം
മുറിവുകളാണെന്നുമറിയുന്ന നിമിഷം
പ്രകൃതിയാം ഞാനിന്നു സഹികെട്ടു നിൽക്കയാം
ഇനിയുള്ള കാലത്തെ വരവേൽക്കുവാൻ
മാനുഷ്യജാതിയാം മാനവരിന്ന്
മുറിവുകളല്ലേ എനിക്കു നൽകുന്നു

മാനവരേറയായി മുറിവുകളേറെയായ്

കലിതുടങ്ങിയിന്നു മാനുഷ്യർക്കെല്ലാം

വെറുതെയല്ല ഞാൻ പ്രളയത്തെ വരവേറ്റ്

മാനുഷ്യരേയെല്ലാം കരയിച്ചത്


എന്റെ സങ്കടം കരഞ്ഞു ഞാൻ തീർത്തപ്പോൾ

പ്രളയമായി നിങ്ങൾക്കെന്നെതോന്നി

നോക്കുവിൻ മനുഷ്യരെ നിങ്ങൾ നോക്കു

കരയുകയല്ലോ ഞാൻ മുറിവുകളാൽ

ഇരുളിന്റെ മറവിൽ ഞാൻ ..............



## പ്രതിഭകൾക്കൊപ്പം

# പൊക്കിരത്ത് രാമചന്ദ്രൻ




# ബാബയ്ക്ക്...

‘നീയൊരു പെൺക്കുട്ടിയാണ്.നിനക്കതിന്റേതായ പരിമിതികളുണ്ട്.പെൺ ക്കുട്ടികൾ ഇത്തരം ജോലി ചെയ്യേണ്ടവരല്ല.അവരുടെ കഴിവ് അടുക്കളയിലെ കലത്തിലെ രുചിയേറിയ ഭക്ഷണത്തിലൂടെ തെളിയിക്കണം.അല്ലാതെ ഇൻഞ്ചിനിയറായല്ല...’ബാബയുടെ ഈ വാക്യങ്ങള്ക്കെല്ലാം ചെവി കൊടുക്കാതെയാണ് ഞാൻ എന്റെ പഠനം മുന്നോട്ട് കൊണ്ടുപോയത്.ബാബയ്ക്ക് പെൺകുട്ടികൾ പഠിക്കുന്നത് ഒട്ടും ഇഷ്ടമല്ല. പോലീസുകാരനായ ബാബയ്ക്ക് അതിന്റേതായ ദേശ്യവും വാശിയും ഉണ്ട്.എന്നാൽ ഇന്നീ നിലയിൽ ജോലി ചെയ്യുമ്പോൾ ബാബയുമായുള്ള എന്റെ വാശിയാണ് മുന്നിൽ.ഉസ്മാന്റെ ഭാഷയിൽ പറഞ്ഞാൽ പാരമ്പര്യം...!

ഇന്നീ മഞ്ഞ തൊപ്പി ധരിക്കുമ്പോൾ എനിക്ക് ബാബയെ ഓർമ്മ വരുന്നു. മഞ്ഞ...സൗഹൃദത്തിന്റെ പ്രതീക നിറം. ബാബയും ഞാനും നല്ല കൂട്ടായിരുന്നു.ലഖ്നൗവിലെ ട്രാഫിക്കിന്റെ ബഹളം ഒന്നാറുമ്പോൾ ഫ്ളാറ്റിലെത്തുമ്പാൾ ബാബയെ ഞാനുണ്ടാക്കിയ തണ്ഡായ്[ലഖ്നൗവിലെ ഒരു വിഭവം] കാത്തിരിക്കുന്നുണ്ടാകും. അമ്മയില്ലാതെ വളർന്ന കുട്ടി എന്ന നിലയിൽ ബാബയുടെ ഭാഗത്തു നിന്നും എല്ലാ ആനുകൂല്യങ്ങളും ഞാൻ കൈവരിച്ചിരുന്നു.എന്നെ എത്ര ശകാരിച്ചാലും ഒടുക്കം ബാബയാകും കരയുക.

ഇന്ന് എന്റെ ഉള്ളിൽ നിറയെ ബാബയായിരുന്നു.പുതുതായി ഏറ്റെടുത്ത ഫ്ലാറ്റിന്റെ പ്ലാനുമായി കോൺട്രാക്റ്റർ എനിക്ക് നേരെ വന്നു.പ്ലാനെടുത്ത് നിവർത്തി നോക്കി.സാധാരണഗതിയിൽ പെട്ടന്ന് തന്നെ ഞാൻ പ്ലാൻ വിശദീകരിക്കുമായിരുന്നു.എന്തോ...ഇന്നെനിക്ക് ഒന്നും വ്യക്തമായില്ല.അഹാന എന്ന ഞാൻ ഒന്നുമല്ലാതെ...എല്ലാം മങ്ങുന്ന ഒരു അനുഭൂതി.ഞാൻ എന്റെ ഹെൽമെറ്റ് ഊരി വെച്ച് തറയിൽ ഇരുന്നു.കണ്ണുകൾ നിറഞ്ഞത് പെട്ടന്നായിരുന്നു.എന്റെ കൂടെ ജോലി ചെയ്യുന്നവരെല്ലാം തടിച്ചുകൂടി.ഒരനാവശ്യ സമാധാനിപ്പിക്കലായിരുന്നു.മറുപടിയായ് ഒന്നും നൽകാനുള്ള മാനസികാവസ്ഥ എനിക്കുണ്ടായിരുന്നില്ല.എല്ലാവരും മടങ്ങി.സൈറ്റിൽ നിന്നും ഫ്ലാറ്റിലെത്തുന്നത് വരെയുള്ള യാത്രയിൽ പോലും എന്റെ കണ്ണീർ വിശ്രമിക്കാതെ ഒഴുകി.

രണ്ടാഴ്ചയായതെ ഉള്ളൂ.ബാബയുടെ വേർപാട് എന്നെ ശരിക്കും അലട്ടി.ഫ്ലാറ്റിലെത്തിയാൽ സഹായത്തിനായ് ഉസ്മാൻ എത്തും.ഉസ്മാൻ എനിക്ക് എന്റെ സഹോദരന് തുല്യമായിരുന്നു.ബാബയുടെ കണ്ണിലെ വിശ്വസ്ഥൻ എന്ന് ഞാനവനെ കളിയാക്കും.എന്റെ എല്ലാ കുസൃതിയുടേയും വിചാരണ ഒടുക്കം ഉസ്മാന്റെ നാവിൽ നിന്നും സത്യമറിയട്ടെ എന്ന് പറഞ്ഞ് ബാബ കളിയാക്കും...!ബാബയുടെ ഇഷ്ടപെട്ട പാട്ടാണ് ' ബഹൻ ഹോഗി തേരി' യിലെ തേരെ ഹോഗെ രഹ്ഉൺ...ഇപ്പോഴും എന്റെ ചുണ്ടിൽ ആ വരികൾ നുഴഞ്ഞു കയറും.ഞാൻ മറക്കാൻ ശ്രമിക്കും!ആശ്വസിപ്പിക്കാനും ദുഖം രേഖപ്പെടുത്താനും വന്നവരുടെ നിര അവസാനിച്ചു.



രാത്രിയായ്..പുറത്ത് നല്ല മഴ .നിലാ മഴ.. അന്ന് ലഖ്നൗവിലെ തണുപ്പ് അസഹനീയമായിരുന്നു.എന്റെ ചെവിയിൽ നിന്നും ആ ഭീകര ശബ്ദം ചോദിച്ചു..നീ ബാബയെ മറന്നോ..?ഞാൻ ഉറക്കെ നിലവിളിച്ചു.ഇല്ല...എന്റെ ഫ്ലാറ്റിൽ നിന്നും നോക്കിയാൽ നഗരമധ്യത്തിൽ അന്ന് കുതിച്ചുയർന്ന പുകയും,ചീറി പായുന്ന ആംബുലൻസുകളും,ടി.വി യിൽ നിറഞ്ഞു നിന്ന രക്ഷാപ്രവർത്തനം കണ്ടപ്പോഴും ബാബയും അതിൽ ഉൾ പെട്ടു കാണുമെന്ന് ഞാൻ കരുതിയില്ല.സ്ഫോടനത്തിൽ മരണപ്പെട്ട കപൂർ സാറിനെയും പത്രക്കാർ വെറുതെ വിട്ടില്ല.എന്നെയും അവർ  എന്നെയും വളഞ്ഞു.രണ്ടാഴ്ച്ച പുറത്തിറങ്ങാതെ ഫ്ലാറ്റിൽ തന്നെ ഞാൻ ചുരുണ്ടു കൂടി.ഇപ്പോൾ പൂർണമായും ഞാൻ ഏകയായ്...അനാഥയായ്... നിലാവെളിച്ചം എന്നെ ജനലരികിലേക്ക് ആകർഷിച്ചു.ഞാൻ പതിയെ ജനലരികിലേക്കെത്തി നോക്കി.ചന്ദ്രനടുത്തായ് രണ്ട് നക്ഷത്രങ്ങൾ.’25 വർഷം മാമു തനിച്ചായിരുന്നു.ഇപ്പം ബാബ  മാമുവിന് തുണയായി.അത്രയേയുള്ളൂ.’ എന്നു പറഞ്ഞ് ഉസ്മാൻ എന്നെ സമാധാനിപ്പിച്ചത് ഞാൻ ഓർത്തു.ആ നക്ഷത്രങ്ങളുടെ തിളക്കമായിരുന്നു എന്റെ കണ്ണുകൾ നിറയെ.ഞാൻ മാമുവിനേയും ബാബയേയും

നോക്കിയിരിക്കുന്ന അതേ അനുഭൂതി.ഉണ്ടകണ്ണുകൾ എന്ന് ബാബ വിശേഷിപ്പിക്കുന്ന എന്റെ കണ്ണുകളിൽ അൽപം ആശ്വാസം ചുരുണ്ടു കയറി.ജനൽപാളികൾക്കിടയിലൂടെ പരന്നൊഴുകിയ നിലാവെളിച്ചം എന്റെ ഒറ്റപ്പെടലിനെ അടർത്തി മാറ്റി.ബാബ എന്നിൽ നിന്നും ദൂരെയാണ്.എങ്കിലും ബാബയുടെ ഓർമ്മകൾ എന്റെ കൂടെയുണ്ട്.

തേരെ ഹോഗെ രഹൂൺ...

രചന:ലയ.യു.കെ



# പാലിക്കാം നിയമങ്ങൾ; ഒഴിവാക്കാം അപകടങ്ങൾ



**സുരക്ഷിത ജീവിതത്തിലേക്കുള്ള ചൂണ്ടുപലകകളാണ് നിരത്തുകളിലെ ട്രാഫിക് സിഗ്നലുകൾ, നിർദേശങ്ങൾ, മുന്നറിയിപ്പുകൾ എന്നിവ കർ ശനമായി പാലിക്കണം. വളരെ ചെറിയ കാര്യങ്ങളാണെങ്കിൽ പോലും ഒന്നും നിസാരമായി കാണരുത്.**

## പ്രാഥമികമായ ചില മുന്നറിയിപ്പുകൾ

- ഇടതുവശത്തുകൂടെ വാഹനങ്ങളെ മറികടക്കരുത്

- തിരക്കുപിടിച്ച അങ്ങാടികൾ, സീബ്രാക്രോസുകൾ, നടപ്പാതകൾ, അപകടംപിടിച്ച വളവുകൾ എന്നിവയ്ക്കടുത്തെത്തുമ്പോൾ വേഗത കുറയ്ക്കുക, നിയമങ്ങളനുസരിക്കുക, സ്വയം നിയന്ത്രിക്കുക
- അനുവദനീയമായ സ്ഥലങ്ങളിൽമാത്രം വാഹനം പാർക്ക് ചെയ്യുക
- രണ്ടോ നാലോ വരിയുള്ള പാതകളിൽ വരുന്ന സിഗ്നലുകളിൽ 'യു ടേൺ' എടുക്കുമ്പോൾ വാഹനം വലതുവശം ചേർത്ത് നിർത്തണം. ഇടതുവശത്തേക്ക് തിരിയേണ്ട വാഹനങ്ങൾക്ക് സുഗമമായി പോകാനുള്ള വഴി വിടണം
- ഓരോ സ്ഥലത്തും അനുവദിക്കപ്പെട്ട വേഗമുണ്ട്. അത് കർശനമായി പാലിക്കണം
- റോഡ് വാഹനമോടിക്കുന്നവർക്ക് മാത്രമുള്ളതല്ല. കാൽനട യാത്രികർക്കുമുള്ളതാണെന്ന് മറക്കരുത്
- സിഗ്നൽ ലൈറ്റുള്ളിടത്തെത്തുമ്പോൾ തിരക്കുപിടിച്ച് മറികടക്കാനും നുണ്ട് കയറാനും ശ്രമിക്കരുത്
- വളവുകളിൽ ഇൻഡിക്കേറ്റർ ഓണാക്കി മാത്രം വാഹനം തിരിക്കുക
- ഹെൽമെറ്റ് നിർബന്ധമായും ധരിക്കുക, സീറ്റ് ബെൽറ്റ് ഇടാൻ മറക്കരുത്

- ഹെഡ്സെറ്റിൽ പാട്ട് കേട്ട് ഒരുകാരണവശാലും വാഹനം ഓടിക്കരുത്
- ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കരുത്
- എല്ലായിപ്പോഴും ക്ഷമയോടെ ശാന്തമായി വാഹനം ഓടിക്കാൻ ശ്രമിക്കണം





# സച്ചിൻ രമേഷ്

# തെൻഡുൽക്കർ

സച്ചിൻ രമേഷ് തെൻഡുൽക്കർ അഥവാ സച്ചിൻതെൻഡുൽക്കർ (ജനനം. ഏപ്രിൽ 24, 1973 മുംബൈ,മഹാരാഷ്ട്ര, ഇന്ത്യ) ഇന്ത്യയിൽ നിന്നുള്ള മുൻ ക്രിക്കറ്റ് താരവും, ലോകം കണ്ട ഏറ്റവും മികച്ച ക്രിക്കറ്റ് കളിക്കാരിൽ ഒരാളും ഇന്ത്യയിലെ ഒരു പാർലമെന്റ് മെമ്പറുമാണ് . 2002-ൽ ക്രിക്കറ്റ് ലോകത്തെ ആധികാരിക മാസികയായ വിസ്ഡൺ മാസിക ഡോൺ ബ്രാഡ്മാനു ശേഷം ക്രിക്കറ്റ് ലോകം കണ്ട ഏറ്റവും മികച്ച രണ്ടാമത്തെ ക്രിക്കറ്റ് പ്രതിഭയായും, മികച്ച രണ്ടാമത്തെ ഏക ദിന ക്രിക്കറ്റ് കളിക്കാരനായും തെണ്ടുൽക്കറെ തിരഞ്ഞെടുത്തു. വിവിയൻ റിച്ചാർഡ്സ് ആയിരുന്നു പ്രഥമ സ്ഥാനത്ത്.

അന്താരാഷ്ട്ര ക്രിക്കറ്റിൽ നൂറു ശതകങ്ങൾ തികച്ച ആദ്യത്തെ കളിക്കാരനാണ് സച്ചിൻ. 2012 മാർച്ച് 16-ന് ധാക്കയിലെ മിർപ്പൂരിൽ ബംഗ്ലാദേശിനെതിരെ നടന്ന ഏഷ്യാ കപ്പ് ഗ്രൂപ്പ് ഏകദിനമത്സരത്തിലാണ് സച്ചിൻ തന്റെ നൂറാം ശതകം തികച്ചത്. ടെസ്റ്റ് ക്രിക്കറ്റിലും, ഏകദിന ക്രിക്കറ്റിലുമായി നിരവധി റെക്കോർഡുകൾ സച്ചിന്റെ പേരിലുണ്ട്. ഏകദിന ക്രിക്കറ്റിലും, ടെസ്റ്റ് ക്രിക്കറ്റിലും നിലവിൽ ഏറ്റവും കൂടുതൽ റൺസ് നേടിയിട്ടുള്ള കളിക്കാരനാണ് ഇദ്ദേഹം. 2011- ൽ സച്ചിൻ ലോക കപ്പിൽ രണ്ടായിരം റൺസെടുക്കുന്ന ആദ്യ ബാറ്റ്സ്മാനായി. 463 ഏകദിന മത്സരങ്ങളിലായി 18426 റൺസ് ഇദ്ദേഹം

നേടിയിട്ടുണ്ട് . 17,000 റൺസ് തികച്ച ഏക ക്രിക്കറ്റ് കളിക്കാരനമാണ് സച്ചിൻ. ടെസ്റ്റ് ക്രിക്കറ്റിൽ 11,000 റൺസ് പിന്നിടുന്ന മൂന്നാമത്തെ കളിക്കാരനം, ആദ്യത്തെ ഇന്ത്യക്കാരനമാണ് സച്ചിൻ. ടെസ്റ്റിലും ഏക ദിനത്തിലും ഏറ്റവും കൂടുതൽ സെഞ്ചുറികൾ എന്ന റെക്കോർഡും സച്ചിന്റെ പേരിലാണ്. ഏക ദിനത്തിലെ ഏറ്റവും ഉയർന്ന ആറാമത്തെ വ്യക്തിഗത സ്കോറിന്റെ ഉടമയായ (24 ഫെബ്രുവരി 2010 ന ദക്ഷിണ-ആഫ്രിക്കക്കെതിരെ ഗ്വാളിയോറിൽ വെച്ച് പുറത്താവാതെ 200 റൺസ്) സച്ചിൻ, ഏക ദിന ക്രിക്കറ്റിൽ ഇരട്ട ശതകം നേടിയ ആദ്യത്തെ കളിക്കാരനമാണ്. 2009 നവംബർ 5 ന് ഹൈദരാബാദിൽ വെച്ച് നടന്ന ഇന്ത്യ-ആസ്ട്രേലിയ ഏക ദിന പരമ്പരയിലെ മത്സരത്തിൽ, 17000 റൺസ് തികയ്ക്കുന്ന ലോകത്തിലെ ആദ്യത്തെ താരം എന്ന ബഹുമതിയും സച്ചിൻ നേടി. ടെസ്റ്റ് ക്രിക്കറ്റിലെ സച്ചിന്റെ ഉയർന്ന സ്കോർ ബംഗ്ലാദേശിനെതിരെ 2004-ൽ നേടിയ 248 റൺസ് ആണ്. മാസ്റ്റർ ബ്ലാസ്റ്റർ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന സച്ചിൻ, 14-ആമത്തെ വയസ്സിൽ ആഭ്യന്തര ക്രിക്കറ്റിൽ മുംബൈ ക്രിക്കറ്റ് ടീമിന വേണ്ടി കളിക്കുകയും ആദ്യ മത്സരത്തിൽ തന്നെ സെഞ്ച്വറി തികക്കുകയും ചെയ്തു. പിന്നീട് 1989 -ൽ തന്റെ പതിനാറാം വയസ്സിൽ പാകിസ്താൻ ടീമിനെതിരെ കറാച്ചിയിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം നടത്തി.

## ഒന്നാണേ....

പല പല പേരില് വിളിച്ചാലെന്താ,
ദൈവം ഒന്നല്ലേ
പല പല ദേശക്കാരാണെങ്കിലും
ഹൃദയമതൊന്നല്ലേ.
പല പല നിറമാണെങ്കിലും
ഏവരുമൊന്നല്ലേ.
പല പല നിറമാണെങ്കിലും,നമ്മുടെ
ചോര ചുവപ്പല്ലേ.
ഒന്നായി നിൽക്കാം,ഒന്നായി പാടാം
ഞങ്ങളൊന്നല്ലോ.
മതവും ജാതിയുമില്ലാതാക്കി
*ഒരുപോലായീടാം*



## തൂമണം വീശുന്ന പ്രാഭാതം!

പുതു പ്രഭാതമെത്തി
പുതുമണം കാറ്റാൽ  പരന്നു
ദളങ്ങൾക്കിടയിലൂടതാ
ദൂരെ മാർത്താണ്ഡനെത്തി നോക്കുന്നു
കിളികൾ തൻ മധുരഗീതം
കാതോർത്തു ഞാൻ ശ്രമിച്ചു
പാട്ടിലലിഞ്ഞു വല്ലികൾ
പച്ചപ്പട്ടുടുത്തു നൃത്തം ചവിട്ടവേ....

മഞ്ഞു തുള്ളി എൻ ശീർഷത്തിൽ

രാജ്ഞിയായ്..!

പുതു നാമ്പുകൾ,പുതു പൂമൊട്ടുകൾ

പുതു  മൊട്ടിട്ട സ്വപ്നങ്ങളാകവേ....
പുലരിത്തണപ്പാൽ

പുതു മണം വീശുന്ന പ്രഭാതം...!

രചന:ദേവിക.കെ.എൻ

സഹായി:മെഹബൂബ് അൽ അമീന്

# കുഞ്ഞുമോൻ

**സൈക്കിൾ:**

വളരെ അധികം തമാശക്കാരനാണ് കുഞ്ഞുമോൻ. അവൻഎല്ലാവരെയും പെട്ടന്ന് തമാശ പറഞ്ഞ് ചിരിപ്പിക്കും. ടീച്ചർമ്മാർക്ക് അവനെ വളരെ അധികം ഇഷ്ടമാണ്.അതുപോലേ

കൂട്ടുകാർക്കും. അവനും അവന്റെ അടുത്ത കൂട്ടുകാരനായ കിട്ടുവും കൂടെയാണ് സ്കൂളിൽ പോകാറ്. ഒരു ദിവസം സകൂളിൽ എത്താൻ കുറച്ചു നേരം വൈകിയിരുന്നു.

ടീച്ചർ ചോദിച്ചു.

''എന്താ കുഞ്ഞുമോനേ നേരം വൈകിയത് ''

കുഞ്ഞുമോൻ

''സൈക്കിൾ പഞ്ചറായതാ''

ടീച്ചർ

''എന്നാൽ ക്ലാസിൽ കയറിയിരിക്ക്''

കുഞ്ഞുമോൻ

''ശരി ടീച്ചർ''

കുറച്ചു നേരം കഴിഞ്ഞ് കിട്ടു ക്ലാസിലേക്കുകയറിവന്നു

കിട്ടു

“മേ ഐ കം ഇൻ ടീച്ചർ”

ടീച്ചർ

''എന്താ കിട്ടു നേരം വൈകിയത്''

കിട്ടു

''സൈക്കിൾ പഞ്ചറായതാ''

ടീച്ചർ

''ഇതേ ഉത്തരം തന്നെയാണല്ലോ കുഞ്ഞുമോനും പറഞ്ഞത് ''

കുഞ്ഞുമോൻ എഴുന്നേറ്റു നിന്ന് പറഞ്ഞു

"ഞങ്ങൾ രണ്ടു പേരും ഒരു സൈക്കിളിലാ വന്നത് . സൈക്കിൾ

പഞ്ചറായപ്പോൾ ഞാൻ നടന്നു വന്നു . കിട്ടു സൈക്കിൾ ഉരുട്ടിയും

വന്നു. അതു കൊണ്ടാ ഞാൻ നേരത്തേ എത്തിയത്"

ടീച്ചർ

"ഹോ ഹോ......"

അപ്പോൾ ക്ലാസിലെ കുട്ടികൾ പൊട്ടിച്ചിരിച്ചു......

# ജീവിതയാത്രയിലെ ഇടവഴികൾ

കാലത്തിന്റെ കണക്കു പുസ്തകത്തിൻ
താളുകളോരോന്നായ് മെല്ലെ പൊഴിയുമ്പോൾ
ഉത്തരം സ്പഷ്ട്മാകാതെ എത്രയോ
ചോദ്യങ്ങൾ മാത്രം ബാക്കിയായെന്നും മുന്നിൽ
എന്തിനു വെറുതെ നാം പലതും മോഹിക്കേണം
വല്ലതും നമ്മൾ കൊണ്ടുവന്നതാണോ?........
കാണുന്ന സ്വർഗമെല്ലാം നമ്മുടേതല്ല
നാളെയുടെ വാഗ്ദാനങ്ങൾക്ക് വേണ്ടിയുള്ളതല്ലേ
പരസ്പരം പോരടിക്കുമ്പോൾ ഓർക്കുക
ജീവിത യാത്രയിലെ ഇടവഴികൾ അല്ലേ എല്ലാം?
നമ്മൾ വെറും യാത്രക്കാർ മാത്രമല്ലേ?
ഒരു നാൾ യാത്ര തീർന്നിടും അന്ന്
ഇവിടം വിട്ട് പോവേണ്ടേ നമ്മൾ
ആരാനും സമ്പാതിച്ചതൊക്കെയും സ്വന്തമാക്കാൻ

ആഗ്രഹിച്ച വ്യാമോഹികൾ മാത്രമായി
ഈശ്വരന്റെ യാത്രാവചനവും കേട്ട്പോവേണ്ടേ

ആത്മാർത്ഥമായി പരിശ്രമം ഒന്നുണ്ടെങ്കിൽ
നമ്മുക്ക് വേണ്ടതെല്ലാം പതിയെ വന്നുചേരും
അന്യരെ പഴിചാരി സമയം പാഴാക്കാതെ
അന്യോന്യം സ്നേഹത്തോടെപ്രവർത്തികുവിൻ
ജീവിതം  സഫലമാകുവിൻ.............
ഉള്ളതുകൊണ്ട് നമ്മൾ ജീവികുമ്പോൾ
നമ്മുടെ ജീവിതമല്ലേ ഇന്നേറ്റവും സുന്ദരം മനോഹരം

അമൃത് പ്രസാദ് 9TH B

## പകയിലെരിയുന്ന പ്രണയം

സമൂഹത്തിൽ ഒട്ടേറെ പ്രതിബന്ധങ്ങൾ നിലനിൽക്കുന്ന വിഷയമാണ് പ്രണയം. എന്നാൽ സമൂഹത്തിൽ ഒട്ടേറെ ദുരന്തങ്ങൾ സൃഷ്ടിക്കുന്നത് പ്രണയം

തന്നെയാണ്. ആദ്യകാലങ്ങളിലെ പ്രണയം എന്നത് സ്നേഹം  എന്ന വാക്കിന്റെ പ്രതീകമായിരുന്നു. പുരുഷനും സ്ത്രീയും തമ്മിൽ പരസ്പരം മനസ്സിലാക്കി കൈകോർക്കുന്ന പവിത്ര സ്നേഹത്തെ നമുക്ക് മനസ്സിലാക്കാം. എന്നാൽ ഇന്നത്തെ കാലത്തെ പ്രണയങ്ങളെല്ലാം പകയിൽ അവസാനിക്കുന്നതാണ്. സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രണയ ബന്ധങ്ങൾ പലപ്പോഴും പിരിയേണ്ട സാഹചര്യം വരാറുണ്ട്.ഇത്തരം സാഹചര്യത്തിൽ തന്റെ പ്രണയിനിയെ ഏത് വിധത്തിലും നശിപ്പിക്കാൻ പുരുഷന്മാർ ശ്രമിക്കുന്നു.അതിനായി പെട്രോളും,കത്തിയും,മൂർച്ചയേറിയ മറ്റ് ആയുധങ്ങളും അവർ ഉപയോഗിക്കുന്നു.

**ആദ്യ കാലങ്ങളിലെ പ്രണയത്തെക്കുറിച്ച് അറിയണമെങ്കിൽ ചില ആദ്യകാല കവിതയിലേക്ക് നാം നീങ്ങേണ്ടിവരും·രമണനും ചന്ദ്രികയും തമ്മിലുള്ള അനശ്വര പ്രണയത്തെ വളരെ ആകസ്മിതമായി ചങ്ങമ്പുഴ ആവിഷ്കരിക്കുന്നു· തന്റെ പ്രണയിനിയായ ചന്ദ്രികയെ നഷ്ട്പെട്ട രമണൻ സ്വയം ജീവത്യാഗം ചെയ്യുന്നതാണ് ഇതിലെ പ്രമേയം·അതുപോലെതന്നെയാണ് കുമാരനാശാന്റെ ലീലയും നളിനിയും ഇവ രണ്ടും അനശ്വ പ്രണയത്തെ സൂചിപ്പിക്കുന്ന കവിതകളാണ്·ലീലയിൽ മദനനും ലീലയും തമ്മിലുള്ള പ്രണയമാണ്·ഇവിടെ സാഹചര്യം കാരണം ലീല അന്യ പുരുഷനെ വരിക്കുന്നു·**

# കെട്ടിടമുയരുമ്പോൾ



## കെട്ടിട നിർമ്മാതാക്കളുമായി

## ഒരു അഭിമുഖം

നരിക്കുനി ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്ന ഞങ്ങളുടെ വിദ്യാലയത്തിൽ പുതിയ പ്രതീക്ഷകളുമായി ഉയർന്നുവരുന്ന ചതുർനില കെട്ടിടത്തിന്റെ നിർമ്മാണത്തെപ്പറ്റി കെട്ടിട എഞ്ചിനിയർമാരോട് 'ഒൻപത്'' "ബി"യിൽ പഠിക്കുന്ന ആര്യശ്രീയും ദേവികയും നടത്തിയ

അഭിമുഖത്തിൽ നിന്ന് ലഭിച്ച പ്രസക്തവിവരങ്ങൾ.

1. സ്കൂളിന്റെ സ്വപ്നതുല്ല്യമായ പദ്ധതിക്ക് തുടക്കംകുറിച്ച ദിവസം?

2019 മാർച്ച് 9

2.ഈ പദ്ധതിയുടെ നിർമ്മാണ ചിലവ് എത്രയാണ്?

1.5 കോടി

3.കെട്ടിടത്തിൽ ജോലിചെയ്യുന്നവരുടെ എണ്ണം?

24 പേർ, അവർ മുഴുവൻ ബംഗാളികളാണ്

4.എത്തരത്തിലാണ് ഇവരുടെ ജോലിക്രമം, താമസ-

സൗകര്യം എന്നിവ ?

സ്കൂളിൽതന്നെ താമസിച്ചാണ് പണിചെയ്യുന്നത്.

ഒരു ദിവസം 8 മണിക്കൂർ മാത്രമാണ് ജോലി.ഭക്ഷണം സ്വന്തം തയ്യാറാക്കലാണ് പതിവ്

5.നിർമ്മാണസാധനങ്ങളുടെ വിവരങ്ങൾ?

2500 സിമന്റ് ബാഗ്

12000 കല്ല് എന്നിവ.

6.നിർമ്മാണകമ്പിനിയെ പറ്റിയുള്ള വിവരങ്ങൾ?

ഞങ്ങൾ ഊരാളുങ്കൾ എന്ന ഗവ. അംഗീകൃത കമ്പിനിയാണ്.ഞങ്ങൾ പറഞ്ഞ ജോലി കൃത്യസമയത്തിനുള്ളിൽ ചെയ്യുന്നവരാണ് .

7.പണി എന്നത്തേക്കാണ് പൂർത്തിയാവുക?

ഡിസംബർ 26. കൃത്യമായി പറയാന് സാധിക്കില്ല

8.ഈ സൈറ്റിലെ കണക്കുകൾ നോക്കുന്നതാരാണ്?

ഡി .എൽ .ആർ എന്നാണ് കണക്കുനോക്കുന്നയാൾക്ക്

പറയുന്നത്.ശ്രീജിൽ ആണ് ഡി .ൽ .ആർ.

9.'ഊരാളുങ്കൽ ' എന്ന കമ്പനിയുടെ  ശ്രദ്ധേയമായ

നിർമ്മാണങ്ങൾ ഏതെല്ലാമാണ് ?

തൊണ്ടയാട് പാലം

രാമനാട്ടുകര പാലം

സൈബർ പാർക്ക്

കെ .ബി ടൗൺ അരയിടത്തുപാലം

സർഗാലയ , ഇവയെല്ലാം ഞങ്ങളുടെ പ്രധാനസൃഷ്ടികളാണ്.

•••••••••••••••••••••••••••••••••••••••••••••••••••••••••••••••

മഴത്തുള്ളി

മാനത്തിനൊരു തുള്ളി

മഴയെന്നൊരു നീർത്തുള്ളി

മണ്ണിൽ വീഴും നേരം

പുഞ്ചിരി തുകും പൂക്കൾ

***മാനം കരയും നേരം***

# ROTTANMAYA

ONCE UP  ON A TIME THERE IS AN BEAUTIFUL LADY NAMED AS ROTTANMAYA .EVERY PERSON WHO KNOW HER CALL AS MAYA. SHE LIVED IN A VILLAGE . SHE LIVED HER LIFE IN A POOR CONDITION AND SHE IS A  MILK MAID .

SHE WORK IN HER VILLAGE THERE IS A BEAUTIFUL  BOY . HIS NAME IS ROBIN .HE IS A RICH PERSON IN THAT VILLAGE .ONE DAY THEY MEET TOGETHER HE INTERESTED IN MAYA BUT SHE NOT LOVE HIM BECAUSE SHE HAS THREE SISTERS AND ONLY MOM .HIS DAD IS PASSED AWAY FROM HER . HER MOTHER ALWAYS SAYS THAT NOT FELT IN LOVE BECAUSE SOMETIMES IT WILL MAKE YOU PAINFULL. ROBIN IS BAD BOY . BUT MAYA FELT LOVE IN HER AND HE FORGOT HER MOTHERS WORDS.AT LAST HE CHEETED HER AND ATLAST MAYA STUDY THAT  DONT AVOID ELDERS WORDS.

WRITTEN BY : DEVIKA M , 9TH B

## ജീവിതം

ഒരു കുഞ്ഞുപൂവിന്റെ കവിളിലായ് സ്മിതം
പൂത്തൊരു നിമിഷം ഞാൻ ഓർത്തിടുന്നു
അനന്തമാം പൂവിൽ എന്നെ ഏകയാക്കി
നീ മാഞ്ഞൊരാനിമിഷം ഞാൻ വീണിടുന്നു
നോവിന്റെ പാതയിൽ അപരർക്കിടയിൽ
ആത്മാവുപോൽ ഞാൻ അലഞ്ഞിടുന്നു
എനിക്കായ് തുറന്നൊരാ വെളിച്ചം
മിന്നാമിന്നി പോൽ പറന്നകന്ന
ജീവനായ് ആത്മാവിൽ നീരായിരുന്ന നീ
എന്നും എനിക്കൊരു കൂട്ടായ് മാറി
പൂവിൽ നിന്നകലുന്ന പൂമ്പാറ്റയായ് നീ
ആ ഇടതൂർന്ന മഴയിൽ നീ
മാഞ്ഞു പോയി മറന്നു പോയി.

ദിനദേവ് 9-B



## ജവഹർലാൽ നെഹറു (1889-1964)

അലഹബാദിൽ 1889 നവംബർ 14 ന ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി.പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി.1912 ൽ ഇന്ത്യയിൽ തിരിച്ചെത്തി.സ്വാതന്ത്ര്യസമരത്തിന നേതൃത്വം നൽകി.പല പ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു.ഇന്ത്യയെ

കണ്ടെത്തൽ,ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ തുടങ്ങിയവ പ്രധാനകൃതികൾ.

ഫാദിൽ 9.B



## സ്മാർട്ട് ഫോൺ:ഗുണങ്ങളും ദോഷങ്ങളും

ഫോണിന് ഒരുപാട് ഗുണങ്ങളും ദോഷങ്ങളും ഉണ്ട്.നമ്മുടെ സൗകര്യത്തിന് വേണ്ടിയാണ്സ്മാർട്ട് ഫോൺ ''SMART PHONE'' നിർമിച്ചത്.ഇന്റർനെറ്റും സ്മാർട്ട് ഫോണും കുട്ടികൾക്ക് പഠനകാര്യങ്ങൾക്കുംമറ്റ്ആറിവ് ശേഖരണത്തിനുംഉപയോഗിക്കുന്നു.ആവശ്യമില്ലാതെ ഫോണിൽ കളിച്ച് നമ്മൾ സമയം പാഴാക്കുന്നു.കുട്ടികൾ പഠനസൗകര്യത്തിനായി ഉപയോഗിക്കുന്നതിന്പകരം ഫോണുകൾ ഗെയിം കളിക്കാനും വേറെ മറ്റു കാര്യങ്ങൾക്കും ഉപയോഗിക്കുന്നു. ഫോണുകൾ വന്നതോടെ കുട്ടികൾ പുറത്ത് ഇറങ്ങാതെ ഫോണിൽ കളിച്ച് സമയം പാഴാക്കുന്നു. അവരുടെ ജീവിതം വീട്ടിനുള്ളിൽ ആകുന്നു.ഇപ്പോൾ മറ്റ് അനാവശ്യകാര്യങ്ങൾക്ക് ഉപയോഗിച്ച് ജീവിതം തന്നെ പാഴാക്കുന്നു.

ഗൗതം.എ.എസ്

# പൂമ്പാറ്റ

പൂവിൽ വിരിയും പൂന്തേൻ നുകരും
പൂവായ് വിടരും പൂമ്പാറ്റ.............
പല വർണ്ണങ്ങളോ
പല രൂപങ്ങളോ ......
പല പല പല പല പൂമ്പാറ്റ.......
പൂമ്പൊടി വീശും പൂന്തേനുണ്ണും

പാറിനടക്കും പൂമ്പാറ്റ



## ജോസഫ് മുണ്ടശ്ശേരി

തൃശ്ശൂരിലെ കണ്ടശ്ശാംകടവിൽ ജനനം.

സാഹിത്യ വിമർശകൻ,

അധ്യാപകൻ,വാഗ്മി,വിദ്യാഭ്യാസമന്ത്രി എന്നീ നിലകളിൽ പ്രവർത്തി

ച്ച.കൊഴിഞ്ഞ ഇലകൾ[ആത്മ കഥ ], കാവ്യ പീടിക,നാടകാന്തം

കവിത്വം,മാറ്റൊലി,വായനശാലയിൽ[നാലി ഭാഗങ്ങൾ ],മാനദണ്ഡം, പ്രൊഫസർ,കൊന്തയിൽ നിന്ന്കുരിശിലേക്ക്,പാറപ്പുറത്ത് വിതച്ച വിത്ത് തുടങ്ങിയവ പ്രധാന കൃതികൾ.

മുജീബ് റഹ്മാൻ

*9F*

# ലഹരി

ലഹരി വിരുദ്ധ ദിനമാണ് ജൂൺ 26.ഈ അടുത്ത കാലത്തായി കേരളത്തിലെ യുവാക്കൾക്കിടയിൽ കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം ഗണ്യമായി കൂടുന്നതായി റിപ്പോർട്ടുകൾ പറയുന്നു.നാലഞ്ചു വർഷങ്ങൾക്കു മുന്നേ കേട്ട് കേൾവിപോലുമില്ലാതിരുന്ന മയക്കുമരുന്നുകൾ ഇന്ന് കേരളത്തിൽ സുലഭമായി ലഭിക്കുന്നു. പ്രധാനമായും സ്കൂൾ കുട്ടികളും യുവാക്കളുമാണ് മയക്കുമരുന്നകൾ ഉപയോഗിക്കുന്നവരിൽ അധികവും. മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനം ഇന്ന് സാധാരണമായി കഴിഞ്ഞു. ജീവിത സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റം ഇതിന് വളരെയധികം സഹായകമാവുന്നുണ്ട് പ്രധാനമായും ഫ്ലാറ്റ്

സംസ്കാരവും, അണകുടുംബസംസ്കാരവും. അച്ഛനും അമ്മയ്ക്കും ജോലിയുള്ള കുടുംബങ്ങളിൽ കുട്ടികളുടെ കാര്യങ്ങൾ നോക്കാനും ശ്രദ്ധിക്കാനും അവർക്ക് സമയമില്ല. പരസ്പരം സംസാരിക്കാൻ പോലും സമയമില്ലാതെ ബിസിയായ അച്ഛനും അമ്മയും, ആവശ്യത്തിലധികം പണം കുട്ടികളുടെ കയ്യിൽ. അങ്ങനെയുള്ള കുട്ടികൾ ഇങ്ങനെയുള്ള മയക്കമരുന്ന് ഉപയോഗത്തിലേക്ക് എത്തപ്പെടുന്നത് അച്ഛനമ്മമാരുടെ പിടിപ്പുകേട് കൊണ്ട് തന്നെയാണ്. പണ്ടൊക്കെ അച്ഛനും അമ്മയ്ക്കും ജോലിയുണ്ടെങ്കിൽ പോലും കുട്ടികളുടെ കാര്യങ്ങൾ നോക്കാനും ശ്രദ്ധിക്കാനും ധാരാളം ആൾക്കാരുണ്ടായിരുന്നു വീട്ടിൽ ഇന്നതില്ല . അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്ന യുവാക്കൾ കൊണ്ടുവരുന്ന ഗഞ്ച എന്ന സാധനമാണ് നമ്മുടെ നാട്ടിൽ അറിയപ്പെടുന്ന കഞ്ചാവ്. ഉൾനാടൻ ഗ്രാമങ്ങളിൽ പോലും ഇന്ന് ലഭ്യമായികൊണ്ടിരിക്കുന്നു. ഇത്തരം മയക്കമരുന്നുകളുടെ ദോഷവശങ്ങളെക്കുറിച്ച് അറിവില്ലാത്തതാണ് ഇവയുടെ ഉപയോഗം കൂടാൻ കാരണം. മദ്യം, പുകയില തുടങ്ങിയ സാധനങ്ങൾ ഉപയോഗിച്ച് അവയുടെ വീര്യം പോരാതെ വരുമ്പോൾ മയക്കമരുന്നിലേക്കു കടക്കുന്നവരും ഉണ്ട്. കഞ്ചാവ് പോലെയുള്ള സാധനങ്ങൾക്ക് മണമില്ലാത്തതും, മറ്റുള്ളവർക്ക് എളുപ്പം തിരിച്ചറിയാൻ കഴിയില്ല എന്നതും യുവാക്കളെ അവയില്ലേക്ക് ആകർഷിക്കുന്നു. ലഹരി ഉപയോഗം ഒഴിവാക്കുക നമ്മുടെ ജീവനെ രക്ഷപ്പെടുത്തുക. ലഹരി ഉപയോഗത്തിലൂടെ കുറെബന്ധങ്ങൾ ഇല്ലാതാകുമെന്ന് ഓർക്കുക.

# എന്റെ അമ്മ

എന്നും എന്നിൽ സ്നേഹം ചൊരിയും
പൊൻവിളക്കാണെന്റെ അമ്മ
മനസ്സുനിറയെ ഇഷ്ടവുമായ്
താലോലിക്കുന്നൊരു ദൈവം
മിഴികൾ നിറയെ കനിവുകളുമായ്
എന്നെ നോക്കുന്നൊരു പൊന്നമ്മ
ഏതൊരു ദുഖാശ്രുവിലും
എന്നൊപ്പമുണ്ടാകുമെന്നമ്മ
എന്നും എന്നിൽ നന്മ ചൊരിയും
സ്നേഹനിധിയാം ഈ ദൈവം

# സുഭാഷ് ചന്ദ്രൻ

പുതിയ തലമുറയിലെ പ്രമുഖ കഥാകൃത്ത്. 1972 ൽ ആലുവയ്ക്കടുത്ത് കൊടുങ്ങല്ലൂരിൽ ജനനം.

പത്രപ്രവർത്തകനായി ജോലി ചെയ്യുന്നു.ആദ്യകാല സമാഹാരവും ആദ്യ നോവലും കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹമായി.കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്,ഓടക്കുഴൽ അവാർഡ്,വയലാർ അവാർഡ് എന്നിവയും ലഭിച്ചു.

<u>പ്രധാനകൃതികൾ</u>

ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദ്ദീസാനഷ്ടം,തൽപം,വിഹിതം

<u>കഥാസമാഹാരങ്ങൾ</u>

മനുഷ്യന് ഒരു ആമുഖം(നോവൽ)

സൂരജ്.പി.എം

9th c

# ക്വിസ്

1.'ഉമ്മാച്ചു' , 'സുന്ദരികളും സുന്ദരന്മാരും' എന്നീ നോവലുകൾ രചിച്ചതാര് ?

ഉ. **ഉറൂബ്**

2. പാക്കിസ്ഥാനിന്റെ ദേശീയ ഭാഷ?

ഉ. **ഉറുദു**

3. ഏറ്റവും കൂടുതൽ ജനങ്ങളുള്ള ഇന്ത്യൻ സംസ്ഥാനം?

ഉ. **ഉത്തർപ്രദേശ്**

4. താജ്മഹലിന്റെ ശിൽപിയാര്?

ഉ. **ഉസ്താദ് ഇസ**

5. മംഗോളിയയുടെ തലസ്ഥാനം?

***ഉ. ഉലാൻബത്താർ***

# ക്യാമറ എന്ന വിസ്മയം

മനുഷ്യന്റെ ഏറ്റവും സുപ്രധാനമായ കണ്ടുപിടിത്തങ്ങളിലൊന്നാണ് ക്യാമറ.ക്യാമറ പകർത്തിയ പല ചിത്രങ്ങളും ലോകചരിത്രം തന്നെ മാറ്റിമറിച്ചിട്ടുണ്ട്.നമ്മുടെ  ജീവിതവുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്ന ക്യാമറയുടെ ചരിത്രത്തെക്കുറിച്ചും പലതരം ക്യാമറകളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ.........

ഓഗസ്റ്റ് 19 ലോക ഫോട്ടോഗ്രാഫി ദിനമായി ആചരിക്കുന്നു.ലോകത്തെ നിരീക്ഷിക്കുന്ന കണ്ണുകളാണ് ക്യാമറകൾ. യുദ്ധക്കെടുതികളും പട്ടിണി മരണങ്ങളും ഭരണാധികാരികളുടെ ക്രൂരകൃത്യങ്ങളും മനുഷ്യരുടെ കൺമുന്നിലെത്തിച്ചത് ക്യാമറ പകർത്തിയ ചിത്രങ്ങളിലൂടെയാണ് .ക്യാമറയുടെ കണ്ടുപിടുത്തം മനുഷ്യ പുരോഗതിയുടെ ഏറ്റവും വലിയ കുതിച്ചുചാട്ടമായിരുന്നു.

മുൻപ് അപൂർവമായിരുന്ന ക്യാമറകൾ മൊബൈൽ ഫോണിന്റെ വരവോടെ ഇന്ന് സാർവത്രികമായ് കഴിഞ്ഞു.അതോടെ ക്യാമറയുടെ ദുരുപയോഗവും കൂടി.എങ്കിലും സമൂഹത്തിലെ അനീതിക്കെതിരെ ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ക്യാമറകൾ മുന്നിലാണ്.കുറ്റകൃത്യങ്ങൾ തടയാനും അഴിമതിയെ ചെറുക്കാനും ക്യാമറകൾ സദാ സന്നദ്ധമാണ്.

## സൂചിക്കുഴിയിൽ നിന്നും

ഫോട്ടോഗ്രാഫ് ഒരു കലയും ശാസ്ത്രവുമൊക്കെയായി വളരുന്നതിന് വർഷങ്ങൾക്ക് മുൻപ് തന്നെ ക്യാമറയുടെ ചരിത്രം ആരംഭിക്കുന്നു.AD 1015-ൽ അറബ് പണ്ഡിതനായ ഇബ്ൻ-അൽ-ഹെയ്ത്തം(Ibn-Al-Hytham) ആണ്

സൂചിക്കുഴി ക്യാമറ(Pin hole camera)ആദ്യം പരാമർശിച്ചത്.അദ്ദേഹം അക്കാലത്ത് എഴുതിയ പ്രകാശത്തെക്കുറിച്ചുള്ള പുസ്തകത്തിലായിരുന്നു ഇത്.ആദ്യമായി സൂചിക്കുഴി ക്യാമറ നിർമിച്ചതും അദ്ദേഹം തന്നെയാണ്.പ്രകാശത്തെ നിയന്ത്രിക്കാൻ സൂചിക്കുഴി പോലെയുള്ള ഒരു കുഞ്ഞുദ്വാരം മാത്രമുള്ള ക്യാമറകളാണ് ഇവ.ലോക ചരിത്രത്തിൽ ആദ്യമായ് പ്രകാശത്തെ നിരീക്ഷിച്ച ഭൗതികശാസ്ത്രജ്ഞൻ കൂടിയാണിദ്ദേഹം.

## ഡാഗുറെയുടെ കണ്ടെത്തൽ

1837-ൽ ക്യാമറയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കാൽവെപ്പാണ് ഡാഗുറെ(1787-1851)യുടെ കണ്ടുപ്പിടുത്തം.സിൽവർ അയഡൈഡ് പുരട്ടിയ ഗ്ളാസ്പ്ലേറ്റിൽ ഒരു വസ്തുവിന്റെ പ്രതിബിംബം കൃത്യമായ് മിനിറ്റുകൾക്കുള്ളിൽ പതിപ്പിക്കുന്നതിനും പിന്നീട് കരിയുപ്പ് ലായിനിയിൽ കഴുകി പ്രതിബിംബം പ്ലേറ്റിൽ സ്ഥിരമായി ഉറപ്പിക്കുന്നതിലും ഡാഗുറെ വിജയിച്ചു. നീപ്സിന്റെ ഹീലിയോഗ്രാഫി പ്രക്രിയ പരിഷ്ക്കരിച്ചതാണിത്.ഇതൊരു വൻ കുതിച്ചുചാട്ടം തന്നെയായിരുന്നു.ഇതോടെ ഫോട്ടോഗ്രാഫി ജനകീയമായി.

### ആദ്യത്തെ ഫോട്ടോ

1826-ൽ ജോസഫ് നീസ് ഫോർ നീപ്സ്(1765-1833)ക്യാമറയിൽ വീഴുന്ന പ്രതിബിംബത്തിന്റെ ഫോട്ടോ എടുത്തു.ഫോട്ടോഗ്രാഫിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കുതിച്ചുചാട്ടമായിരുന്നു ഇത്.ജനാലയിൽ നിന്നുള്ള കാഴ്ചയാണ് ചരിത്രത്തിലെ ആദ്യത്തെ ഫോട്ടോ.തടികൊണ്ടുള്ള വലിയ പെട്ടി ക്യാമറയിൽ നിന്നാണ് അദ്ദേഹം ഇത് പകർത്തിയത്.ടാർ പുരട്ടിയ പ്യൂട്ടർ പ്ലേറ്റിലാണ് അന്നേവരെയുള്ള ലോകചരിത്രത്തെ തന്നെ മാറ്റിയെഴുതിയ ഈ കണ്ടുപിടുത്തം നീപ്സ് നടത്തിയത്.8 മണിക്കൂർ വേണ്ടി

വന്ന ഫോട്ടോ പ്ലേറ്റിൽ പതിപ്പിച്ചെടുക്കാൻ.10 വർഷം നീണ്ട പരീക്ഷണങ്ങൾക്കൊടുവിലാണ് അദ്ദേഹം ഇത് കണ്ടെത്തിയത്.നീപ്സ് ഹീലിയോഗ്രാഫ് എന്നാണ് ഈ കണ്ടുപിടുത്തം അറിയപ്പെട്ടത്.

## സിനിമയും ക്യാമറയും

ക്യാമറയിൽ വന്ന മാറ്റങ്ങളാണ് ഇന്നത്തെ ഏറ്റവും വലിയ ജനകീയ കലയായ സിനിമയുടെ പിറവിക്ക് കാരണമായത്.ക്യാമറയിലെ വിപ്ലവകരമായ മാറ്റമാണ് മൂവി ക്യാമറ.ചലിക്കുന്ന ചിത്രങ്ങൾ പകർത്താൻ ഉപയോഗിക്കുന്നതാണ് മൂവി ക്യാമറകൾ.ഇത് ഒന്നിന് പിറകെ ഒന്നായി ചിത്രങ്ങൾ എടുക്കും. എന്നാൽ,സാധാരണ ക്യാമറകൾ ഒരു സമയം ഒരു ചിത്രം മാത്രമാണ് എടുക്കുന്നത്.മൂവിക്യാമറ തുടർച്ചയായി എടുക്കുന്ന ചിത്രങ്ങളെ ഫ്രെയിം എന്ന് പറയുന്നു.ഇങ്ങനെ എടുത്ത ഫ്രെയിമുകൾ മൂവി പ്രൊജക്ടറിൽ ഒരു നിശ്ചിത വേഗത്തിൽ ഓടിക്കുമ്പോൾ ചിത്രങ്ങൾ ചലിക്കുന്നതായി തോന്നും.സിനിമയുടെ സൂത്രമിതാണ്.

കണ്ണിൽ പതിയുന്ന ചിത്രം ഒരു സെക്കന്റ് മായാതെ നിൽക്കും.നിശ്ചല ചിത്രങ്ങൾ(ഫ്രെയിം) തുടർച്ചയായി ചലിക്കുമ്പോൾ വസ്തു ചലിക്കുന്നതായ് നമുക്ക് തോന്നുന്നു.നമ്മുടെ കണ്ണിന്റെ ഈ പ്രത്യേകതയാണ് മൂവി ക്യാമറ ഉപയോഗിക്കുന്നത്.

## ഇരുണ്ട അറ എന്ന ക്യാമറ

ക്യാമറ ഓബ്സ്ക്യൂറ എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് ഇന്നത്തെ ക്യാമറ എന്ന വാക്കിന്റെ ഉദ്ഭവം.ഇരുണ്ട അറ എന്നാണ് ഈ വാക്കിന്റെ അർഥം.വിഖ്യാത ജ്യോതിശാസ്ത്രജ്ഞനായ കെപ്ലറുടെ(1571-1630)1604-ൽ പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തിലാണ് ഈ വാക്ക് ആദ്യമായി ഉപയോഗിച്ചത്.1620-ൽ കെപ്ലർ തന്നെയാണ്  ലെൻസ് ഘടിപ്പിച്ച കൊണ്ടു

നടക്കാവുന്ന ഈ ക്യാമറ ഓബ്സ്ക്യൂറ കണ്ടുപിടിച്ചത്.ഒരു കൂടാരം പോലത്തെതായിരുന്ന ഇത്.വസ്തുവിന്റെ പ്രതിബിംബം ഈ ഇരുട്ടറയിലേക്ക് പ്രതിഫലിച്ചിരുന്നു.19-ാം നൂറ്റാണ്ടു വരെ ഇത് ജനങ്ങളെ വലിയ തോതിൽ ആകർഷിച്ചിരുന്നു.

ക്യാമറ ഓബ്സ്ക്യൂറയിലെ പ്രതിബിംബം കടലാസിൽ പതിപ്പിച്ച് വരച്ചെടുക്കാമെന്ന് 19ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ഇറ്റാലിയൻ ശാസ്ത്രജ്ഞൻ ജയിം ബാറ്റിസ്റ്റ ഡെല്ല പോർട്ട് (1535-1615)കാണിച്ചു.

## ഫിലിമിന്റെ വരവ്

ആദ്യകാലത്ത് ഫോട്ടോ എടുത്തിരുന്നത് ഫോട്ടോഗ്രാഫിക്ക് പ്ലേറ്റിലാണ്.ഗ്ലാസ് പ്ലേറ്റുകളിൽ ചില രാസ വസ്തുക്കൾ പുരട്ടിയാണ് ഫോട്ടോഗ്രാഫിക്ക് പ്ലേറ്റുകൾ ഉണ്ടാക്കിയിരുന്നത്.ഈ പ്ലേറ്റിൽ ചിത്രങ്ങൾ മികച്ചതായിരുന്നു.എന്നാൽ ഇവ കൊണ്ടു നടക്കാനും കൈകാര്യം ചെയ്യാനും ബുദ്ധിമുട്ടാണ്.സ്ഥിരമായ് ഒരിടത്ത് സ്ഥാപിക്കാനെ ഇത്തരം ക്യാമറകൾ പറ്റൂ.ഇത് പരിഹരിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഫിലിമിന്റെ വരവ്.20 താം നൂറ്റാണ്ടിന്റെ തുടക്കത്തോടെ പ്ലാസ്റ്റിക്ക് ഫിലിം വ്യാപകമായി.ഇതോടെ കൊണ്ടു നടക്കാവുന്ന ക്യാമറകൾ സജീവമായി.

## ഡിജിറ്റൽ ക്യാമറ

21ാം നൂറ്റാണ്ട് ഡിജിറ്റൽ ക്യാമറയുടെ കാലമെന്ന് പറയാം.ക്യാമറയുടെ വളർച്ചയുടെ ഏറ്റവും ഉയർന്ന ഘട്ടമാണിത്.ഒരു വാചകത്തിൽ പറഞ്ഞാൽ ഫിലിമില്ലാത്ത ക്യാമറ അതാണ് ഡിജിറ്റൽ ക്യാമറ.സാധാരണ ക്യാമറകളെ പോലെ തന്നെയാണ് ഡിജിറ്റൽ ക്യാമറകളും

പ്രവർത്തിക്കുന്നത്.ഫിലിം ഇല്ലാത്തതാണ് ആകെയുള്ള വ്യത്യാസം. പകരം പ്രതിബിംബം ഡിജിറ്റൽ മെമ്മറിക്കാർഡിൽ സൂക്ഷിക്കും.

സാധാരണ ക്യാമറയിൽ ഒരു ഫോട്ടോയുടെ നെഗറ്റീവാണ് പതിയുന്നത്.ഇതിനെ പോസിറ്റീവാക്കിയാലെ ശരിക്കുള്ള ഫോട്ടോ ലഭിക്കൂ. എന്നാൽ,ഡിജിറ്റൽ ക്യാമറകൾ നേരിട്ട് കംപ്യൂട്ടറുമായ് ബന്ധിപ്പിച്ച് എടുത്ത ചിത്രങ്ങൾ ഫയലുകളായി സൂക്ഷിക്കുകയോ പ്രിന്റെടുക്കുകയോ ചെയ്യാം.മൊബൈൽ ഫോണുകളിലെ ക്യാമറകളും ഇതേ രീതി തന്നെയാണ് പിൻതുടരുന്നത്.ഡിജിറ്റൽ ക്യാമറ വന്നതോടെ വളരെ ചിലവ് കുറഞ്ഞ സിനിമകൾ എടുക്കാൻ ഇന്ന് കഴിയും എഡിറ്റിങ്ങും എളുപ്പമായി.

തയ്യാറാക്കിയത്
ശ്രീലക്ഷമി.കെ(9-B)

# നമ്മുടെ ലോകം

നമ്മുടെ സ്വന്തം ലോകം
നമ്മുടെ സത്യ ലോകം
സഹോദരീസഹോദരമ്മാരുടെ ലോകം
നന്മയുള്ള ലോകം

എത്ര എത്ര രാജ്യങ്ങൾ
എത്ര എത്ര സംസ്ഥാനങ്ങൾ
എത്ര എത്ര മതങ്ങൾ
എത്ര എത്ര വേഷങ്ങൾ
കറുത്തവരും വെളുത്തവരും
നല്ലവരും ചീത്തവരും
വലിയവരും ചെറിയവരും
ശത്രുക്കളും മിത്രങ്ങളും

ആഴിയും ഊഴിയും ആകാശവും

# നിനക്കായ്

എന്റെ ചില്ലകൾ തളർന്നതിനും
എന്നിലെ വസന്തം വിടർന്നതിനും
എൻ വേരുകൾ പടർന്നതും
നിനക്കായിരുന്നു...

എൻ ചില്ലയിൽ നീ
ചേട്ടനറിയില്ലാമായിരുന്ന നാളിനായ്
എൻ മധു നീ നുകരുവാനായി
നിത്യമായി ഞാൻ കാത്തിരിപ്പൂ.....
നിന്നെ പുണ്യകുമാരൻ
സ്വപ്ന സാഫല്യം തേടി
എൻ വേരുകൾ വളരുന്നതിനും

നീയണിഞ്ഞിടുകൊരുന്നാൾ
തഴുകും നീയെൻ മൃദുലകാലങ്ങൾ
പുനർജനിക്കും നിനക്കായ്
മന്ത്രമെൻ സ്വത്രമാക്കവേ........

*വൈഷ്ണവി 9 സി*



# പ്രണയവഴികൾ

ചെറുകഥ  പിബി ഗീത

**കഥാ**ന്ത്യത്തിന്റെ ഞെളിപിരിയലുകൾക്കും കുഴമറിച്ചലുകൾക്കുമിടയിൽ ഇരുന്ന് കഥാദ്യം തിരയുന്ന വാസുകിക്ക് തനിയെ ചിരിപൊട്ടി. എപ്പോഴും താനിങ്ങനെയായിരുന്നല്ലോയെന്ന് ആലോചിക്കുന്നതിനിടയിൽ വാസുകി വൈശാഖനെയോർത്തു. വൈശാഖന് മുന്നിലാണ് തനിക്കെപ്പോഴും സ്ഥലജലവിഭ്രാന്തിയുണ്ടാകുന്നത്. അതിന്റെ പേരിൽ തന്നിലമർന്നു വീഴുന്ന ആരോപണത്തിന്റെ മേൽക്കൂരയ്ക്കിടയിൽ കിടന്ന് ശ്വാംസംമുട്ടി താൻ എത്ര തവണ ചങ്കുപൊട്ടികരഞ്ഞിട്ടുണ്ട്. താനും വൈശാഖനുമിടയിൽ നീണ്ടു നിവർന്നുകിടക്കുന്ന സമയദൂരമളക്കവേ കഥയുടെ തലക്കെട്ടുകൾ കൊള്ളിമീനായി മസ്തിഷ്ക്കത്തിലേക്ക് തുളച്ച് കയറാൻ തുടങ്ങി. തലക്കെട്ട് എഴുതിയതിനു ശേഷം, എഴുതുന്ന പതിവ് തന്റെ ഒരു ശീലമായിരിക്കുന്നുവെന്ന കാര്യം വാസുകി ഓർത്തു. അപ്പോഴാണ് കൈലാഷ് വാസുകിയുടെ നെഞ്ചിലേക്ക് കനമുള്ള ഓർമയായി വന്നത്. നിവേദിതയുടെ തുടരെത്തുടരെയുള്ള

കൈലാഷിന്റെ വിശേഷങ്ങൾ തനിക്കും ഹൃദ്യമായി തുടങ്ങിയിരിക്കുന്നു. നിവേദിത പോലും കണ്ടിട്ടില്ലാത്ത കൈലാഷ്, തന്റെ ഹൃദയ അറകളിൽ പലപ്പോഴും എന്തൊക്കെയോ വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും ഉണ്ടാക്കിയതായി വാസുകി ഓർത്തു. അപ്പോൾ തന്നെ വാസുകിയിൽ വൈശാഖൻ വന്നു വീർപ്പുമുട്ടിച്ചു. വൈശാഖൻ ഏതോ പുസ്തക പ്രകാശനത്തിന്റെ യാത്രയിലാണ്. ഒരിക്കൽ പോലും ഇത്തരം യാത്രകളിൽ തന്നെ ഉൾപ്പെടുത്തിയിട്ടില്ല; മനസിൽ പോലും.

ഒരു വേള ഇതേപറ്റിചോദിച്ചപ്പോൾ ഉണ്ടായത് ഒരു മറുചോദ്യമായിരുന്നു,"താനെന്താ വാസുകീ...... ചെറിയ കുട്ടികളെപ്പോലെ,ഓരോരുത്തർക്കും ചേരാൻ പറ്റിയ ഒരിടമില്ലേ?"

പിന്നെ ഇതേവരെ എവിടെയാണ് പ്രോഗ്രാം എന്നുപോലും ചോദിച്ചിട്ടില്ല. വൈശാഖന് പറഞ്ഞിട്ടുമില്ല. ക്ലോക്കിലെ സെക്കന്റ് സൂചിയുടെ ശബ്ദം മാത്രമായി നെഞ്ചിൽ. തികഞ്ഞ മൗനം ദൂരെ നിന്ന് ചിറകു വിരിച്ച് താഴ്ന്നിറങ്ങാൻ തുടങ്ങിയപ്പോഴേക്കും വാസുകിയുടെ മുൻപിൽ നിവേദിത എത്തി. വർധിച്ച സന്തോഷത്തോടെ!.....

"നോക്കൂ വസൂ..... ശ്യാം പോയിട്ട് ഇന്നേക്ക് കൃത്യം രണ്ടാഴ്ചയായി. ഒരിക്കൽ പോലും ഒരു മിസ്ഡ് കോളോ, മെസ്സേജോ വന്നിട്ടില്ല-ഒരു യൂറോപ്യൻ ട്രിപ്പ്- വെരിഒഫീഷ്യൽ -എന്നൊക്കെയേ എനിക്കറിയൂ. പക്ഷേ വസൂ..... നിനക്കറിയോ, കൈലാഷിപ്പോൾ

ഹാംപ്പൂൺഷിപ്പിലെ ഹാപ്പികപ്പിൾസിലിരുന്ന് പിസ്സ കഴിക്കുന്നു. എന്നെക്ഷണിക്കുന്നു......."

പണ്ടെല്ലാം ശ്യാം പോയതിൽ സങ്കടപ്പെട്ട്, ശ്യാം അന്വേഷിക്കാത്തതിൽ പരിഭവപ്പെട്ട്, അവന്റെ മിസ്ഡ് കോളും മെസ്സേജും തിരഞ്ഞു നടന്നവളാണ്. ഇപ്പോൾ ഇതൊന്നുമില്ലാതിരുന്നിട്ടും അവളെത്ര ഹാപ്പിയാണ്. ഒറ്റകാരണമേയുള്ളൂ.... 'കൈലാഷ് '. നാല് മാസങ്ങൾക്ക് മുൻപ് ഒരു സായം സന്ധ്യയിലെ കോഫീഷോപ്പിൽ ഇരുന്നാണ് നിവേദിത ആദ്യമായി കൈലാഷിനെ വാസുകിക്ക് പരിചയപ്പെടുത്തിയത് .അവളുടെ SSLC Batch ലെ ക്ലാസ് മേറ്റ്. ഇപ്പോൾ വിദേശത്ത് അക്കൗണ്ടന്റ്, അഞ്ച് മാസങ്ങൾക്ക് മുൻപുള്ള ഇവരുടെ ഗെറ്റ് ടുഗതറിന് നിവേദിതയെ ശ്യം വിട്ടിരുന്നില്ല. അന്നവളുടെ സങ്കടം വാസുകി തന്റെ കണ്ണീരിലൂടെ കുറെ കഴുകിക്കളഞ്ഞതാണ്. പക്ഷേ ആ ബാഞ്ചിന്റെ വാട്സ് ആപ് ഗ്രൂപ്പിൽ നിവേദിതയെ കൂടി add ചെയ്തപ്പോൾ അവൾ ആ സങ്കടം മറന്ന് ഓടി നടന്നു. ഓരോരുത്തരുടേയും ഫോട്ടോ കാണിച്ച് പരിചയപ്പെടുത്തുന്ന തിരക്കിലായിരുന്നു അവൾക്കാദിനങ്ങൾ...... പക്ഷേ അന്നൊന്നും കൈലാഷ് അവളുടെ മുന്നിലേക്കെത്തിയിരുന്നില്ല .

ഗ്രൂപ്പിൽ തന്റെ കഥകളും കവിതകളുമായി അവൾ സജീവമായപ്പോൾ വാസുകിക്കുപോലും സന്തോഷമായി. വൈശാഖന്റെ അവഗണന പോലും അവൾ മറന്നു. ചിലപ്പോൾ വൈശാഖനെപ്പോലും..........

സായംസന്ധ്യ രാവിനെ ചുംബിച്ച് വേർപിരിഞ്ഞ ഒരു നേരത്ത് ശ്യാമിന്റെ നിർബന്ധത്തിന് വഴങ്ങി ഒരു അസോസിയേഷൻ പാർട്ടി കഴിഞ്ഞ് വന്നതേയുള്ളൂ. നിവേദിത ഡ്രസ് മാറുന്നതിനിടയിലാണ് പുതിയ ഒരു നമ്പറിലെ മെസേജ് ശ്രദ്ധയിൽ പെട്ടത്.

"നിവാ....... നന്നായിട്ടുണ്ട് എഴുത്ത്, മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്താൽ നല്ല ഒഴുക്കുണ്ട്, എഴുത്തിന്......ഇനിയും എഴുതണം....... വായനക്കാരനായി ഞാനുണ്ടാകും....."KSN.

ആരാണീ KSN........?പല ഗ്രൂപ്പുകളിലേയും പല മുഖങ്ങളും മനസിൽ തെളിഞ്ഞെങ്കിലും ആരുമായും ഒത്തു ചേർന്നില്ല പക്ഷേ, ഒരു മറുപടിനൽകാൻ തോന്നി - അയച്ചു.

"നന്ദി........"

ഡ്രസ് മാറിവന്നു നോക്കുമ്പോഴേക്കും മറുപടി വന്നിരുന്നു.

"എഴുതുന്നവർക്കറിയില്ല എഴുത്തിന്റെ മഹത്വം. പക്ഷേ അത് വായിക്കുന്നവർക്കറിയാം . മഹാവൃക്ഷങ്ങളിൽ ചേക്കേറുന്ന പക്ഷികൾക്ക് അറിയാം, മഹാവൃക്ഷത്തിന്റെ കരുത്ത്,വൃക്ഷത്തേക്കാളും....."

എന്തോ കൗതുകം തോന്നി, നിവേദിതയ്ക്ക്. ആരോ തന്റെ ഹൃദയത്തിന്റെ പൾസ് അറിഞ്ഞതുപോലെ. വെറുതെ ഒരു മറുപടികൂടി അയക്കാൻ തോന്നി.

"ഒരു പക്ഷിയും ചേക്കാറാത്ത വൃക്ഷങ്ങളും ഇല്ലേ? ഒരിക്കലും പൂക്കാത്ത ചെടികളില്ലേ.......... അങ്ങനെ ആരും അറിയാതെ ആരുടെയൊക്കെ കഴിവുകൾ പാഴാകുന്നു.....?"

മറുപടി വന്നത് കുളികഴിഞ്ഞെത്തിയപ്പോഴാണ്. അപ്പോഴേക്കും ശ്യാം തിരക്കുകൂട്ടി തുടങ്ങിയിരുന്നു.

"നിവേദിതാ..... ഒന്നു വേഗം, പത്തുമണിക്കാണ് ഫ്ലൈറ്റ് എന്ന് നിനക്കറിയില്ലേ? ഉടൻ ഡ്രസ് അയേൺ ചെയ്യൂ......"

അയേൺ ചെയ്ത ഡ്രസുകൾ പെട്ടിയിലടുക്കി പോകുമ്പോഴെങ്കിലും നിവേദിത പ്രതീക്ഷിച്ചു, പിന്നിലൂടെ വന്ന് കഴുത്തിലമരുന്ന അവന്റെ നിശ്വാസത്തെ, നെഞ്ചോടു ചേർക്കാൻ നീണ്ടു വരുന്ന കൈകളെ..... ഇല്ല, തന്റെ പ്രാധാന്യങ്ങൾ എന്നും അവന്റെ സില്ലി തിംഗ്സ് ആയിരുന്നല്ലോ?

"നിവേദിത..... നീ നിന്റെ പ്രായത്തെയെങ്കിലും ഓർത്ത് നോക്കൂ.... അതിന്റെയെല്ലാം കാലം കഴിഞ്ഞു." ശ്യാമിന്റെ വെറുപ്പുകലർന്ന വാക്കുകൾ എന്നും നിവേദിതയെ ചെറുതാക്കിയിരുന്നു.

"എനിക്കുനിന്നെ അറപ്പാണ്,വെറുപ്പാണ്, ഒരു പുഴുത്ത പട്ടിയെപ്പോലെ ആട്ടും തുപ്പുമേറ്റ് കഴിയാമെങ്കിൽ നിനക്കിവിടെ കഴിയാം. അല്ലെങ്കിൽ പോകാം....."

ശ്യാം ഒരിക്കൽ പോലും നിവേദിതയുടെ ഒറ്റ നല്ല കാര്യങ്ങൾ പോലും കണ്ടിരുന്നില്ല...... പറഞ്ഞിരുന്നില്ല........

വാസുകി എഴുത്തു നിൽത്തിയിട്ടു പോലും കുറേനേരത്തേക്ക് നിവേദിതയുടെ പുറന്തോടിൽ നിന്ന് പുറത്തുകടക്കാൻ അവൾക്ക് കഴിഞ്ഞില്ല. ഈ കഥാപാത്രത്തിലൂടെ വാസുകി സ്വയം നിവേദിത ആകുകയാണോ? കണ്ണടച്ച് അടുത്തവരികൾക്കായ് വാസുകി സോഫയിലേക്ക് ചാഞ്ഞു. പിന്നീടുള്ള ദിവസങ്ങൾ നിവേദിതയും കൈലാഷും വാട്സ് ആപ്പിന്റെ രണ്ടറ്റത്തേയും കൂട്ടിമുട്ടിക്കുന്നബിന്ദുക്കളായി.

നിവേദിതയുടെ പകലുകളിൽ നീളുന്ന വെയിലായും രാവുകളിൽ ഉദിക്കുന്ന നിലാവായും കൈലാഷ് നിറഞ്ഞു. നിവേദിത എന്ന വെയിലിൽ ചാഞ്ഞുറങ്ങാനും രാവിൽ നിലാവുകുടിച്ച് ഉൻ

മത്തമായ ചകോരമാവാനുമുള്ള കൈലാഷിന്റെ അഭിലാഷങ്ങൾ, നിവേദിതയ്ക്ക് പുത്തൻ അനുഭവങ്ങളും പ്രതീക്ഷകളുമായി.......
ഇടയ് ക്കുള്ള വോയിസ് മെസേജിൽ നിവേദിതയുടെ ശബ്ദത്തെ വാനോളം
പുകഴ്ത്തുമ്പോൾ കൈലാഷ് അവളുടെ നെഞ്ചിൽ കുളിരു കോരുന്ന മകരമഞ്ഞായി...... ഋതുവൊഴിഞ്ഞാലും കുളിരുമാറാത്ത മകരമഞ്ഞ്.......

നിലാവു പെയ്യുന്ന ഒരു രാത്രി പൗർണമിചന്ദ്രനെ കണ്ട് സംസാരിക്കവേയാണ് കൈലാഷ് ഒരു വീഡിയോ കോളിനഭ്യർഥിച്ചത്. കൈലാഷിന്റെ സ്നേഹമൃദുലമായ നിർബന്ധത്തിനൊടുവിൽ 25 വർഷത്തിനുശേഷം അവർ കാണുകയായിരുന്നു. ജീവതത്തിൽ ആദ്യമായി കാണുന്നതുപോലെ 15 വയസുകാരനും 15 വയസുകാരിയും ആയതുപോലെ .പുറത്ത് നിലാവുപെയ്യുന്ന രാവിലൂടെ വാസുകി അനേകവർഷം പിന്നിലായി നടക്കാൻ തുടങ്ങി. കൈലാഷിനൊപ്പം... നിലാവായി......പരസ്പരസ്നേഹത്തിന്റെ ഊഞ്ഞാലിലൂടെ........
ശ്യാമിന്റെ തിരിച്ചുവരവിൽ അസ്തമിച്ച നിലാവായിരുന്നു നിവേദിതയുടെ ഈ നിമിഷങ്ങളെല്ലാം ജീവിത യഥാർഥ്യത്തിന്റെ മരവിപ്പിൽ നിശ്ചലമായ റിംഗ് ടോണുകൾ.... റേഞ്ചുപോയ മിസ്ഡ് കോളുകൾ......... എല്ലാമെല്ലാം വാസുകിയുടെ രക്തയോട്ടത്തിന്റെ കനം കൂട്ടിക്കൊണ്ടിരിക്കവേ., നിവേദിതയുടെ ഫോണിൽ നിന്നും വാട്സ് ആപ്പുകൾ അൺഇൻസ്റ്റാൾ ചെയ്യപ്പെടുകയായിരുന്നു.മെല്ലെമെല്ലെ ഇന്നിന്റെ കടത്തു കടക്കാൻ വാസുകിയുടെ തോളിൽ ചാഞ്ഞ നിവേദിതയ്ക്ക് ചുറ്റും മൗനത്തിന്റെ കരിമ്പടം ഊർന്നിറങ്ങിയപ്പോൾ വാസുകിയും നിവേദിതയും ഒന്നാവുകയായിരുന്നു.

25 വർഷത്തിനുശേഷമുള്ള ഏകാന്തതയുടെ പാലത്തിലൂടെ വാസുകിയുടെ തോളിൽ ചാഞ്ഞ് നിവേദിത വീണ്ടും

ഒന്നാവുകയായിരുന്നു.25 വർഷത്തിനശേഷമുള്ള ഏകാന്തതയുടെ പാലത്തിലൂടെ വാസുകിയുടെ തോളിൽ ചാഞ്ഞ് നിവേദിത വീണ്ടും സായംസന്ധ്യകളിൽ അസ്തമയം കാണാൻ തുടങ്ങി ......വാസുകിയുടെ ഗർഭപാത്രത്തിൽ പിറന്ന് വാസുകിയാൽ വളർത്തപ്പെട്ട നിവേദിതയും കൈലാഷും പുതിയ പ്രണയവഴികൾ തേടി അവളിലേക്കു തന്നെ മടങ്ങുകയായിരുന്നു പ്രണയാതുരതയോടെ .........